ഉയരാം... മികവിലേക്ക്...

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

എ എൽ പി എസ്
ചേടിക്കാന.....

# ഉള്ളടക്കം.

* നമുക്കറിയാൻ
* ആമുഖം
* ലക്ഷ്യങ്ങൾ
* പദ്ധതിവിശകലന പ്രവർത്തനങ്ങൾ
* ഉപസംഹാരം

# നമുക്കറിയാൻ

| | |
|---|---|
| * സ്കൂളിന്റെ പേര് | : എ.ജെ.ബി.എസ് ചേടിക്കാന |
| * സ്കൂൾ കോഡ് | : 11304 |
| * സ്കൂൾ U Dise കോഡ് | : 32010200408 |
| * റവന്യൂ വില്ലേജ് | : ബേള |
| * പോസ്റ്റ് ഓഫീസ് | : ഉബ്രംഗള,671321 |
| * ക്ലസ്റ്റർ | : ജി.ജെ.ബി.എസ് പിലാങ്കട്ട |
| * ഉപജില്ല | : കുമ്പള |
| * വിദ്യാഭ്യാസ ജില്ല | : കാസറഗോഡ് |
| * ജില്ല | : കാസറഗോഡ് |
| * അക്കാദമിക വർഷം | : 2025-26 |
| * സ്കൂൾ വിലാസം | : ചേടിക്കാന, ഉബ്രംഗള (PO) കുമ്പള 671321 |
| * ബ്ലോഗ് വിലാസം | : |
| * ഇ മെയിൽ വിലാസം | : 11304chedikana@gmail.com |
| * പ്രധാന അധ്യാപിക | : ബേബി സവിത.കെ |
| * മാനേജർ | : രാമകൃഷ്ണ ആൾവ |
| * സ്ഥാപിത വർഷം | : 1952 |
| * സ്കൂൾ വിഭാഗം | : എൽ.പി.വിഭാഗം |
| * ഗ്രാമപഞ്ചായത്ത് | : ബദിയടുക്ക |
| * ബ്ലോക്ക് പഞ്ചായത്ത് | : കാസറഗോഡ് |
| * വാർഡ് നമ്പർ, പേര് | : 11 – ചെടേക്കാൽ |
| * അധ്യാപകരുടെ എണ്ണം | : |
| * വിദ്യാർത്ഥികളുടെ എണ്ണം | : |
| * ക്ലാസ്സുകൾ | : 8 മലയാളം, 4 കന്നട |
| * ക്ലാസ് മുറികൾ | : KER മലയാളം 4<br>Pre KER കന്നട 4 |

# ആമുഖം

ബെദിയടുക്ക ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡായ ചെടേക്കാലിലെ ചേടിക്കാനയിലാണ് എയ്ഡഡ് ജൂനിയർ ബേസിക് സ്കൂൾ ചേടിക്കാന സ്ഥിതി ചെയ്യുന്നത്. ദേശീയപാതയോരത്ത് സ്ഥിതി ചെയ്യുന്ന ഈ സ്കൂളിൽ എത്തിച്ചേരാൻ എല്ലാവർക്കും സൗകര്യമുള്ളതാണ്. 1952ൽ കന്നട മാധ്യമത്തിൽ ആരംഭിച്ച ഈ വിദ്യാലയത്തിൽ 1984 ൽ മലയാളം ക്ലാസ്സുകൾ ആരംഭിച്ചുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ തുടർന്നു പോയില്ല. ശേഷം 1997ൽ രക്ഷകർത്താക്കളുടെ നിരന്തര ഇടപെടലിലൂടെ മലയാളം ക്ലാസുകൾ ആരംഭിച്ചു. കന്നട വിഭാഗത്തിൽ കുട്ടികളുടെ എണ്ണക്കുറവ് കാരണം നിലവിലുണ്ടായിരുന്ന നാല് തസ്തികകൾ നഷ്ടപ്പെട്ടു. അധ്യാപകരുടെ കഠിനമായ പ്രയത്നത്തിലൂടെ കന്നടയിലെ നഷ്ടമായ 3 തസ്തികകൾ 2024-25 തസ്തിക നിർണയത്തിലൂടെ വീണ്ടെടുക്കാനായി. മലയാളം വിഭാഗത്തിൽ എല്ലാ ക്ലാസ്സുകളിലും രണ്ട് ഡിവിഷനുകളുണ്ട്. ഈ അധ്യയന വർഷം മുതൽ (2025-26) ഒന്നാം ക്ലാസിലേക്ക് ഇംഗ്ലീഷ് മീഡിയം കൂടി ആരംഭിച്ചു. 13 അധ്യാപകന്മാർ വിദ്യാലയത്തിലുണ്ട്. അറബിക്കിന് ഒരു അധ്യാപികയുണ്ട്. വിദ്യാലയത്തിലെ ഭൗതിക സാഹചര്യങ്ങൾ അനുദിനം പുരോഗമിച്ചു വരികയാണ്.

മലയാളം 4 അധിക ഡിവിഷനുകൾക്കായി 4 ക്ലാസുകൾ (Smart) നിർമ്മിച്ചു. ടോയ്‌ലറ്റ് സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. സ്കൂൾ നേരിടുന്ന വലിയ പ്രശ്നമായിരുന്ന പാചകപ്പുരയില്ലായ്മ എന്നുള്ളത്. സർക്കാർ സഹായത്തോടെ നല്ല മനോഹരമായ പാചകപ്പുര നിർമ്മിച്ചു. കുട്ടികൾക്ക് അസംബ്ലി സമയങ്ങളിൽ സ്കൂൾ മുറ്റത്തെ ശക്തമായ വെയിലുകാരണം ഭയങ്കര പ്രയാസമനുഭവപ്പെട്ടിരുന്നു. ഇതിനു പരിഹാരമായി സ്കൂൾ PTA കമ്മിറ്റിയും മാനേജ്മെന്റും ചേർന്ന് അസംബ്ലി ഹാൾ നിർമ്മിച്ചു.

# ലക്ഷ്യങ്ങൾ

* അനുഭവ പഠനത്തിലൂടെ യാഥാർത്ഥ്യ ബോധമുള്ള ഒരു പുതിയ തലമുറയെ സൃഷ്ടിക്കാൻ കഴിയുക.
* ഗുണപരമായ മൂലവത്തായ അറിവിന്റെ ചുറ്റുപാടുകൾ നൽകാൻ കഴിയുക.
* പഠന പിന്നോക്കാവസ്ഥ പരിഹരിക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ലക്ഷ്യത്തിലെത്തിക്കുക.
* വെല്ലുവിളികളെ അതിജീവിക്കാൻ കഴിയുന്ന വിധം വിദ്യാർത്ഥികളുടെ കഴിവുകളേയും ശേഷികളേയും വളർത്തിക്കൊണ്ടുവരിക.
* രക്ഷിതാക്കളിൽ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തെക്കുറിച്ച് ബോധവൽക്കരിക്കുക
* പാരിസ്ഥിതികാവബോധം സൃഷ്ടിക്കുക.
* ഇംഗ്ലീഷ് ഭാഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് കൂടുതൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. അതിലൂടെ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള ശേഷി നേടാൻ കുട്ടികളെ പ്രാപ്തരാക്കുക.
* ശാസ്ത്ര സാങ്കേതിക പഠനത്തിന് കൂടുതൽ സാധ്യതകൾ ഉണ്ടാക്കുക.

| നം | പദ്ധതി | പ്രശ്നം | പദ്ധതി വിശകലന പ്രവർത്തനങ്ങൾ | എസ്റ്റിമേറ്റ് തുക | സ്പോൺസർ | കാലയളവ് | പ്രവർത്തനം നടപ്പിലാക്കുന്നവർ | ഗുണഭോക്താക്കൾ |
|---|---|---|---|---|---|---|---|---|
| 1. | **അക്ഷര ദീപം** | ചിഹ്നങ്ങളും അക്ഷരങ്ങളും ഉറയ്ക്കാത്ത കുട്ടികൾക്ക് | • അക്ഷരങ്ങളും ചിഹ്നങ്ങളും ഉറയ്ക്കാത്ത കുട്ടികൾക്കായ് നടത്തുന്ന പ്രത്യേക പ്രവർത്തനമാണിത്.<br>• അക്ഷര കാർഡ്, ബാല മാസിക, പദ കാർഡ്, മറ്റ് പഠനോപകരണങ്ങൾ. | 2000 | സന്നദ്ധ പ്രവർത്തകർ<br>• ക്ലബ്ബുകൾ<br>PTA | 2025-26 | ക്ലബ്ബ്<br>PTA | ഭാഷയിൽ പഠനപിന്നോക്കം നിൽക്കുന്ന കുട്ടികൾ |
| 2. | മലയാള തെളിമ | മാതൃഭാഷയ്ക്ക് കരുത്തും തെളിച്ചവും നൽകാനും പ്രചാരം നൽകി ചിന്താശേഷിയെ വളർത്തുന്നു. | * മലയാള ഭാഷാ പുസ്തകങ്ങൾ പ്രദർശിപ്പിക്കൽ<br>* വായനാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ<br>* ലൈബ്രറി പുസ്തക വിതരണം.<br>* പുസ്തക പരിചയക്കുറിപ്പ് (രചനാപരിചയക്കുറിപ്പ്) തയ്യാറാക്കൽ<br>* മലയാള സാഹിത്യകാരന്മാരുടെ Photo gallery സംഘടിപ്പിക്കൽ<br>* എഴുത്തുകാരന്മാരുമായി അഭിമുഖം<br>* പിറന്നാൾ പുസ്തകം ശേഖരിക്കൽ<br>* പത്രത്താളുകൾ തയ്യാറാക്കി അവതരിപ്പിക്കൽ | - | PTA<br>SSK | 2025-26 | PTA | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | * അസംബ്ലിയിൽ പത്രവാർത്താ വായന<br>* കഥയരങ്ങ്, പാട്ടരങ്ങ് സാഹിത്യ ശിൽപശാലകൾ എന്നിവ സംഘടിപ്പിക്കൽ | | | | | |
| 3. | സർഗാത്മകതയെ ഉണർത്താം | കുട്ടികളുടെ സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന്. | * രചനാ ശിൽപശാല<br>* കഥ, കവിത, ബാലസാഹിത്യ കൃതികൾക്കുള്ള വേദി ഒരുക്കൽ | 1000 | അധ്യാപകർ വിദ്യാരംഗം ക്ലബ്ബ് | 2025-26 | PTA ക്ലബ്ബ് | എല്ലാ കുട്ടികളും |
| 4. | ഗണിതം മധുരം | ചതുഷ്ക്രിയകൾ ചെയ്യുന്നതിലെ പ്രശ്നങ്ങൾ | * ഗണിതാശയങ്ങൾ ഗണിതക്രിയകൾ എന്നിവയിൽ പിന്നോക്കം നിൽക്കുന്നവർക്കായ് പ്രത്യേക പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. | 1000 | സന്നദ്ധ പ്രവർത്തകർ PTA | 2025-26 | ഗണിത ക്ലബ്ബ് PTA | എല്ലാ കുട്ടികളും |
| 5. | ഗണിത ശിൽപശാല | ഗണിത പഠനോപകരണ നിർമ്മാണം. | * ഗണിത പഠനോപകരണ നിർമ്മാണം.<br>* ചാർട്ട് നിർമ്മാണം. | 1000 | ക്ലബ്ബുകൾ PTA | 2025-26 | PTA ക്ലബ്ബുകൾ | എല്ലാ കുട്ടികളും |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 16. | അദ്ധ്യമേധം | കുട്ടികളിൽ പൊതു വിജ്ഞാന ബോധം ഉണ്ടാക്കുന്നതിന് | വാട്സ്ആപ്പ് കൂട്ടായ്മയിലൂടെ കുട്ടികൾക്ക് മുൻകൂട്ടി സമകാലിക സംഭവങ്ങൾ ക്വിസ് ചോദ്യങ്ങൾ നൽകി മാസത്തിലൊരിക്കൽ അശ്വമേധ ക്വിസ് നടത്തുന്നു.<br>* വിജയികൾക്ക് സമ്മാനം നൽകുന്നു.<br>* എല്ലാ ദിവസവും പത്രവാർത്ത ക്വിസ് ചോദ്യങ്ങൾ എന്നിവയുടെ അവതരണം. | | PTA<br>അധ്യാപകർ | അധ്യാപകർ | 2025-26 | എല്ലാ കുട്ടികൾക്കും. |
| | | | | | | | | |

# ഉപസംഹാരം

2025-26 വർഷത്തിൽ നമ്മുടെ സ്കൂളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മികവാർന്ന പ്രവർത്തനങ്ങളാണ് മേൽ വിവരിച്ചിരിക്കുന്നത്. കുട്ടികൾ നേടേണ്ട ശേഷികളും നൈപുണികളും പഠനനേട്ടങ്ങളും നേടാൻ പര്യാപ്തമായ പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഓരോ കുട്ടികൾക്കും ലഭ്യമാക്കാൻ ഉതകുന്ന പ്രവർത്തനങ്ങളാണ് ഈവർഷം വിദ്യാലയത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

അധ്യാപകരുടെയും രക്ഷിതാക്കളുടെയും നാട്ടുകാരുടെയും ഗവൺമെന്റിന്റെയും കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം പൂർണമായും കുട്ടികളിലെത്തിക്കാൻ കഴിയൂ.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗത്തെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള മാർഗ്ഗരേഖ പൊതു സമൂഹത്തിനു മുമ്പിൽ സമർപ്പിക്കുന്നു. ഈ പ്രവർത്തനങ്ങൾ നടപ്പാക്കി ലക്ഷ്യപ്രാപ്തിയിൽ എത്തിക്കാൻ നമുക്ക് കൈ കോർക്കാം.

നല്ലൊരു പുതു തലമുറയെ സൃഷ്ടിക്കാനുള്ള നല്ലൊരു തുടക്കമാവട്ടെ ഈ സമഗ്ര വിദ്യാഭ്യാസ വികസന രേഖ എന്ന് പ്രത്യാശിക്കുന്നു.